# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.12 — 05.03.2012 - ലെ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; ഏതെല്ലാം തരത്തിലുള്ള അപേക്ഷകളാണ് പരിഗണിച്ചത് ; | (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ 48309 പരാതികൾ ലഭിച്ചു. ചികിത്സാ ധനസഹായം, വീടും സ്ഥലവും, തൊഴിൽ, പെൻഷൻ, വികലാംഗർക്ക് മുച്ചക്രവാഹനം, സർവ്വേ, പോക്കുവരവ്, വായ്പ എഴുതിത്തള്ളൽ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകളാണ് ലഭിച്ചത്. |
| (ബി) എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചു എന്നും എത്ര രൂപ വിവിധ ആനുകൂല്യങ്ങളായി നൽകി എന്നും അറിയിക്കുമോ ; | (ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ 35161 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 5497 പേർക്ക് 28117500/- രൂപ നൽകിയിട്ടുണ്ട്. |
| (സി) മുഖ്യമന്ത്രി നിർദ്ദേശിച്ച ആനുകൂല്യങ്ങൾ പലർക്കും ഇതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് എന്ത് തുക ചെലവായി എന്നറിയിക്കുമോ ? | (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടത്തുന്നതിന് ആലപ്പുഴ ജില്ലയിൽ ആകെ 5361672/-രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ.